(സി) കൂടുതലായി വേണ്ടിവരുന്ന വൈദ്യുതിക്കായി യൂണിറ്റിന് പ്രതിദിനം എത്ര രൂപ ബോർഡ് ചെലവഴിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2015 മേയ് മാസത്തിലെ കണക്കുപ്രകാരം സംസ്ഥാനത്ത് ശരാശരി 62.78 mu വൈദ്യുതി ആവശ്യമാണ്. ഇതിൽ 25.7287 mu സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നു. ഇത് ആവശ്യകതയുടെ 41 ശതമാനമാണ്. കേന്ദ്ര വിഹിതമായി 30.68 mu ലഭിക്കുന്നു. കുറവുള്ള വൈദ്യുതി സംസ്ഥാനത്തിനകത്തുള്ള സ്വകാര്യ വൈദ്യുതി നിലയങ്ങൾ, മധ്യകാല കരാറുകൾ, പവർ എക്സ്ചേഞ്ചുകൾ അടക്കമുള്ള ഹ്രസ്വകാല സ്രോതസ്സുകൾ എന്നിവ ഉപയോഗപ്പെടുത്തി കണ്ടെത്തുന്നു.

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സ്രോതസ്സുകളിൽനിന്നും വൈദ്യുതി വാങ്ങുന്നതിന് പ്രതിമാസം ഏകദേശം 560 കോടി രൂപ ബോർഡിന് ചെലവാകുന്നുണ്ട്.

(ബി) ഉണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികൾവഴി ഉർജ്ജോൽപ്പാദനത്തിനായി പരിഗണിക്കേണ്ട പദ്ധതികൾക്കായി ഒരു കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 107.5 MW-ന്റെ 12 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജലവൈദ്യുത പദ്ധതികൾക്കു പുറമേ താപവൈദ്യുത നിലയങ്ങളും പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള പദ്ധതികളും സംസ്ഥാനത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇവയുടെ വിശദാംശം അനുബന്ധം I, II ആയി ചേർത്തിട്ടുണ്ട്.*

(സി) സംസ്ഥാനത്തിന് പുറമേനിന്ന് (കേന്ദ്ര നിലയങ്ങളിലെ വിഹിതം ഉൾപ്പെടെ) വൈദ്യുതി വാങ്ങുന്നതിന് പ്രതിദിനം ശരാശരി 18 മുതൽ 19 കോടി രൂപ വരെ വൈദ്യുതി ബോർഡ് ചെലവഴിക്കുന്നുണ്ട്.

കെ.എസ്.ഇ.ബി.യിൽ ആശ്രിത നിയമനം

8 (353) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) കെ.എസ്.ഇ.ബി.-യിൽ ആശ്രിത നിയമനത്തിന് നിലവിൽ പാലിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ജോലിക്കിടയിൽ ഗുരുതരമായ അപകടം സംഭവിച്ചവരുടെ ആശ്രിതർക്ക് നാളിതുവരെയായി ഏതെങ്കിലും നിയമനം നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇത്തരം ആളുകളുടെ ആശ്രിതർക്ക് നിയമനം നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ആശ്രിത നിയമനത്തിന് നിലവിൽ പാലിച്ചുവരുന്ന മാനദണ്ഡങ്ങൾ സംബന്ധിച്ച് ബോർഡ് ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി&സി) ആശ്രിതനിയമനം നടപ്പിലാക്കുന്നതിലേയ്ക്കായി ബോർഡിൽ നിലവിലുള്ള 'ആശ്രിത നിയമന പദ്ധതി' അനുസരിച്ച് ജോലിക്കിടെ അപകടം സംഭവിക്കുന്ന ബോർഡ് ജീവനക്കാരുടെ ആശ്രിതർക്ക് വ്യവസ്ഥകൾക്ക് വിധേയമായി ആശ്രിത നിയമനം നൽകിവരുന്നുണ്ട്.

കെ.എസ്.ഇ.ബി. ലൈൻമാൻ -മസ്ദൂർ പ്രൊമോഷനും നിയമനവും

9 (354) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ താഴ്ന്നവിഭാഗം ജീവനക്കാരുടെ പ്രൊമോഷനും നിയമനവും കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) വൈദ്യുതി പ്രസരണ-വിതരണ നഷ്ടം പരമാവധി കുറയ്ക്കുന്നതിന് ലൈൻമാൻ-മസ്ദൂർ തസ്തികകൾ അടിയന്തരമായി നികത്തി ലൈനുകളിൽ വീണ് കിടക്കുന്ന മരച്ചില്ലകൾ ഉൾപ്പെടെ വെട്ടിമാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) മസ്ദൂർ തസ്തികയിൽ നിലവിലുണ്ടായിരുന്ന എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ അതാത് ജില്ലാ നിയമനാധികാരികളായ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly